**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2749 07.12.2018-ലെ മറുപടിക്ക്**

## അംബേദ്കർ ഗ്രാമം കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2014-15 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിലെ അലത്തറവിളാകം, കുളത്തൂർ പഞ്ചായത്തിലെ തോണികടവ് എന്നീ സ്ഥലങ്ങളിൽ 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരുന്നോ; | (എ) | അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് നടന്നത് എന്ന് വിശദമാക്കാമോ; നടന്ന പ്രവർത്തനങ്ങൾക്ക് ഓരോ കോളനിയിലും വിനിയോഗിച്ച തുക എത്രയാണ്; അലത്തറവിളാകം, തോണിക്കടവ് എന്നീ കോളനികളിൽ നടന്ന പ്രവൃത്തികൾക്ക് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ ഏജൻസിക്ക് തുക നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഈ ഏജൻസിക്ക് നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | അലത്തറവിളാകം കോളനിയിൽ ജലസേചന വകുപ്പിന്റെ കനാൽ 10 മീറ്റർ നീളത്തിൽ ബോക്സ് കൽവെർട്ടും ബാക്കി 250 മീറ്ററിൽ 3 മീറ്റർ ഉയരത്തിൽ കോൺക്രീറ്റ് പാർശ്വഭിത്തി കെട്ടി റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയും പൂർത്തിയാക്കിയിട്ടുണ്ട്. ടി പ്രവർത്തികൾക്കായി ഏജൻസിയായ FIT-യ്ക്ക് 65,00,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തോണിക്കടവ് കോളനിയിൽ 1 കിലോമീറ്റർ നീളം റോഡ് ടാറിംഗ്, 1 മീറ്റർ വീതി പുതിയ ടാറിംഗ്, വാട്ടർടാങ്ക്, പമ്പ് റൂം, കൽവെർട്ട് സാംസ്കാരിക നിലയം, കുടിവെള്ള വിതരണത്തിന് 70 വീടുകളിൽ വാട്ടർ പ്യൂരിഫയർ എന്നീ പ്രവർത്തനങ്ങൾ നടത്തി പദ്ധതി പൂർത്തീകരിച്ചു. ടി പ്രവൃത്തികൾക്കായി ഏജൻസിയായ FIT യ്ക്ക് 88,29,162/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2018-19 ൽ പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) യു (ഡി) യും | തോണിക്കടവ് കോളനിയിലെ പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ട്. അലത്തറവിളാകം കോളനിയുടെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ FIT-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക്, ജില്ല/ഡയറക്ടറേറ്റ് തലത്തിൽ പദ്ധതിയുടെ നിർവ്വഹണം വിലയിരുത്തുന്നുണ്ട്. |
| (ഡി) | പ്രസ്തുത കോളനികളിൽ പൂർത്തികരിക്കാത്ത വർക്കുകൾ പൂർത്തീകരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കും? | | |

സെക്ഷൻ ഓഫീസർ